₹ 5/-

# റിയൽ ലൈഫ് വോയ്സ്

# R E A L  L I F E  V O I C E

Monthly

Volume 13
Issue 8

**February 2025**

pages 24

"എന്നാൽ എല്ലാറ്റിന്റെയും അവസാനം സമീപിച്ചിരിക്കുന്നു. ആകയാൽ പ്രാർത്ഥനയ്ക്കു സുബോധമുള്ളവരും നിർമദരുമായിരിപ്പിൻ. സകലത്തിനും മുമ്പേ തമ്മിൽ ഉറ്റസ്നേഹം ഉള്ളവരായിരിപ്പിൻ. സ്നേഹം പാപങ്ങളുടെ ബഹുത്വത്തെ മറയ്ക്കുന്നു."

**(1 പത്രൊസ് 4:7,8)**

REAL LIFE VOICE

KOTTEKAD, KUTTUR P.O.,
THRISSUR, KERALA - 680 013

# R E A L   L I F E   V O I C E

**Volume 13   Issue 8   February 2025   pages 24   Rs.5/**

**Email:** reallifekottekad@gmail.com
**Website:** www.reallifevoice.in


*Real Life Voice is a Christian magazine*
*dedicated to studying the Word of God and analysing current events*


**Editor:**
Sebastian M.V.
Ph: 95 44 557 557

**DTP:**
Sebastian M.V.

**Published at:**
Real Life,
Mamparampil House,
Kottekad, Kuttur P.O.,
Thrissur - 680 013

**Annual Subscription:**
Rs.60/-

***Bank:***
State Bank of India
*Branch:*
Punnamparambu
*IFS Code:*
SBIN0070342
*A/c No.:*
40447607951
*Name:*
Sebastian M V


**Book No. 158**

## ഉള്ളടക്കം


| | പേജ് |
|---|---|
| • **പുതുവത്സരസമ്മാനം** | 3 |
| • **പ്രതികരണങ്ങൾ** | 6 |
| • **ആസ്യയിലെ ഏഴ് സഭകൾ** (12) | 8 |
| • **കെ. വി. ഐസക്ക്**(അഭിമുഖം)(11) | 11 |
| • **യോനാ** (പുസ്തകപഠനം) (9) | 15 |
| • **കാന്തനായ് കാത്തിരിക്കാം**(കവിത) | 18 |
| • **..തമ്പ്രായുടെ യോഗം**(ചെറുകഥ) | 19 |
| • **മേഘല ഹത്തരാവത്ത്** | 24 |


ഈ മാസികയുടെ ലക്ഷ്യം:
**സഭ, സമൂഹം എന്നിവയെക്കുറിച്ചുള്ള അഭിപ്രായപ്രകടനവും വചനപഠനവും**

## എഡിറ്റോറിയൽ



# റിയൽ ലൈഫ് വോയ്സിന് ലഭിച്ച ‘പുതുവത്സരസമ്മാനം’!

2025 ജനുവരി ഒന്നാംതീയതി എനിക്ക് വന്ന ഒരു രജിസ്റ്റേഡ് ലെറ്റർ ഞാൻ പോസ്റ്റ്ഓഫീസിൽനിന്ന് കൈപറ്റി. അത് പൊട്ടിച്ച് വായിച്ചപ്പോൾ വളരെ പ്രയാസം തോന്നി. നമ്മുടെ മാസികയുടെ മൂന്ന് രജിസ്ട്രേഷനിൽ രണ്ടെണ്ണം “ഉടൻ പ്രാബല്യത്തിൽ റദ്ദാക്കിയിരിക്കുന്നു” (...is hereby cancelled with immediate effect) എന്നായിരുന്നു അതിലെ ഉള്ളടക്കം.

പല ക്രിസ്തീയമാസികകളുടെ നടത്തിപ്പുകാരും തങ്ങളുടെ മാസികകളുടെ രജിസ്ട്രേഷൻ പുതുക്കുന്നതിലും കൃത്യമായി ഇ-ഫയലിംഗ് നടത്തുന്നതിലും പല കാരണങ്ങളാൽ പരാജയപ്പെടുകയും അതുനിമിത്തം അവരുടെ രജിസ്ട്രേഷൻ റദ്ദാവുകയും ചെയ്തപ്പോഴും *റിയൽ ലൈഫ് വോയ്സ്* അതെല്ലാം കൃത്യമായി ചെയ്ത്, യാതൊരു മുടക്കവും കൂടാതെ മാസിക പ്രസിദ്ധീകരിച്ചുവരുന്നതിനിടയിലാണ് ഈ ‘മണ്ടക്കൊരു കൊട്ട്’ അപ്രതീക്ഷിതമായി ലഭിച്ചത്. നമ്മുടെ മാസികയുടെ രണ്ട് രജിസ്ട്രേഷൻ റദ്ദായാൽ, അതു നിമിത്തം സാമ്പത്തികമായ അധികഭാരമുണ്ടാവുകയും അത് മാസികനടത്തിപ്പിനെ പ്രതികൂലമായി ബാധിക്കുകയും ചെയ്യും.

**പുതിയ നിയമം**

പുതുതായി അവതരിപ്പിക്കപ്പെട്ട Press & Regisration of Periodicals Act, 2023 എന്ന നിയമമാണ് ഈ പ്രശ്നങ്ങൾക്ക് കാരണമായത്. പത്രം (newspaper) എന്നാൽ, അയഞ്ഞതും മടക്കിയതുമായ ഷീറ്റുകളാകണം; ‘ന്യൂസ്പ്രിന്റ്’ പേപ്പർ ഉപയോഗിക്കണം; എല്ലാ ദിവസവും അല്ലെങ്കിൽ ഏറ്റവും കുറഞ്ഞത് ആഴ്ചയിലൊരിക്കലെങ്കിലും പ്രസിദ്ധീകരിക്കണം; ആനുകാലിക സംഭവങ്ങളോ, വാർത്തകളോ, അതെക്കുറിച്ചുള്ള അഭിപ്രായങ്ങളോ മാത്രം പ്രസിദ്ധീകരിക്കണം... ഇതെല്ലാമാണ് പുതുതായി പാസ്സാക്കിയ ആ നിയമത്തിൽ പറഞ്ഞിരിക്കുന്നത്.

ദിവസേനയോ ആഴ്ചയിലൊരിക്കലോ പ്രസിദ്ധീകരിക്കണം എന്ന വ്യവസ്ഥ നമ്മുടെ മാസികാനടത്തിപ്പിന് തിരിച്ചടിയാകും. മറ്റുള്ള മാസികകളുടെയും സ്ഥിതി വ്യത്യസ്തമല്ല. രജിസ്ട്രേഷൻ റദ്ദായി എന്നു കാണിച്ചു

കൊണ്ടുള്ള ലെറ്റർ അവർക്കും കിട്ടിയിട്ടുണ്ടാകും. ദിവസവും പ്രസിദ്ധീകരിക്കുന്ന ദിനപ്പത്രവും, ആഴ്ചയിലൊരിക്കൽ പ്രസിദ്ധീകരിക്കുന്ന ആഴ്ചപ്പതിപ്പും പത്രം എന്ന നിർവചനത്തിൽ പെടുമെന്നും എന്നാൽ മാസത്തിലൊരിക്കൽ പ്രസിദ്ധീകരിക്കുന്ന മാസികയും രണ്ടാഴ്ചയിലൊരിക്കൽ പ്രസിദ്ധീകരിക്കുന്ന ദ്വൈവാരികയും, പത്രം എന്ന നിർവചനത്തിൽ പെടില്ലെന്നുമുള്ള വിചിത്രമായ വാദഗതിയാണ് ഈ നിയമം പാസാക്കിയവർ അവതരിപ്പിച്ചിരിക്കുന്നത്! അതായത്, പത്രം എന്നാൽ അത് ദിനപ്പത്രമാകാം, ആഴ്ചപ്പതിപ്പാകാം, പക്ഷേ ദ്വൈവാരികയും മാസികയും ആകാൻ പാടില്ല.

ഈ നിയമം ഉണ്ടാക്കിയവർ എന്താണ് അതുകൊണ്ട് ഉന്നം വയ്ക്കുന്നത് എന്നു മനസ്സിലായില്ല. ദിനപ്പത്രത്തെയും ആഴ്ചപ്പതിപ്പിനെയും ന്യൂസ്‌പേപ്പർ (പത്രം) എന്ന നിർവചനത്തിന്റെ പരിധിയിൽ ഉൾപ്പെടുത്തുകയും അതേ സമയം മാസികകളെയും ദ്വൈവാരികകളെയും പുറത്താക്കുകയും ചെയ്തതുകൊണ്ട് എന്ത് നേട്ടമാണ് കൊയ്തെടുക്കാൻ പോകുന്നത് എന്ന് ആരെങ്കിലും വിശദമാക്കിയാൽ നന്നായിരുന്നു. പത്രം വിതരണം ചെയ്യുന്ന ഏജന്റുമാരിലൂടെ തങ്ങളുടെ മാസികകളും ദ്വൈവാരികകളും വിതരണം ചെയ്യാൻ മനോരമ, മാതൃഭൂമി തുടങ്ങിയ വമ്പന്മാർക്ക് കഴിയും; പക്ഷേ മറ്റുള്ളവരുടെ പ്രസിദ്ധീകരണങ്ങൾ തപാൽമാർഗ്ഗം തന്നെ എത്തിക്കേണ്ടിവരും. അതിനുള്ള ആനുകൂല്യങ്ങളാണ് ഈ പുതിയനിയമം പാസ്സാക്കിയതിലൂടെ നഷ്ടപ്പെടുന്നത്.

**പ്രതിഷേധം**

ആരോട് പരാതി പറയാൻ? ആരോട് പ്രതിഷേധിക്കാൻ? മാസികാനടത്തിപ്പുകാരുടെ ഇടയിൽ പ്രത്യേക യൂണിയൻ ഇല്ലാത്തതുകൊണ്ട് പരാതി പറച്ചിലും പ്രതിഷേധവുമെല്ലാം ചേമ്പിൻതാളിൽ വീണ ജലബിന്ദുപോലെ മാത്രമേ വരൂ. സംഘടിക്കാത്തവന്റെ സങ്കടങ്ങൾ വർദ്ധിപ്പിക്കാൻ എളുപ്പമാണല്ലോ. എങ്കിലും പോസ്റ്റോഫീസിലെ ജോലിക്കാർക്ക് യൂണിയനുകൾ ഉണ്ട്. അവർ പ്രതിഷേധിക്കുമോ? അവരിലൊരാളോട് ഞാൻ ഇതേക്കുറിച്ച് ചോദിച്ചു. അദ്ദേഹത്തിന്റെ മറുപടി ഇപ്രകാരമായിരുന്നു: "ബിഎസ്എൻഎല്ലിനെ ഒരു വിധമാക്കി, ഇനി പോസ്റ്റോഫീസിനെ നശിപ്പിക്കാനുള്ള ശ്രമമാണ്. അതിനാണ് ഇങ്ങനെ പുതിയ പുതിയ നിയമങ്ങൾ കൊണ്ടുവരുന്നത്. അങ്ങനെ ആളുകൾ പോസ്റ്റ്ഓഫീസിൽനിന്ന് അകലും. അവർ പ്രൈവറ്റ് ഏജൻസികളെ സമീപിക്കും. ഞങ്ങളുടെ യൂണിയൻ ഇതിനെതിരെ പ്രതിഷേധം അറിയിച്ചിട്ടുണ്ട്. ഫലമുണ്ടാകും എന്നൊന്നും തോന്നുന്നില്ല."

ഇക്കണക്കിനുപോയാൽ ജനം പോസ്റ്റോഫീസിൽനിന്ന് അകലുമെന്നും സ്വകാര്യഏജൻസികളെ സമീപിക്കുമെന്നുമുള്ള ആശങ്ക എല്ലാ തപാൽതൊഴിലാളിയൂണിയനുകൾക്കും ഉണ്ടായാൽ നന്ന്. ആനയുണ്ടെങ്കിലേ പാപ്പാന്

നിലനിൽപ്പുള്ളൂ. തപാൽസംവിധാനത്തിന്റെ പ്രവർത്തനം താറുമാറാക്കുന്ന നിയമങ്ങളാണെങ്കിൽ അത് തിരിച്ചറിഞ്ഞ് യൂണിയനുകൾ ഉണർന്നു പ്രവർത്തിക്കണം.

**നിയമങ്ങൾ ഉണ്ടാക്കുമ്പോൾ...**

അധികാരത്തിന്റെ കസേരയിൽ ഇരിക്കുന്നവർ പുതിയ പുതിയ നിയമങ്ങൾ പടച്ചുവിടുമ്പോൾ, അതിന്റെ നിലവിലെ ഗുണഭോക്താക്കൾക്ക് എന്തെങ്കിലും തിരിച്ചടിയുണ്ടാകുന്നുണ്ടോ എന്നു ചിന്തിക്കുന്നത് നല്ലതാണ്. ദിനപ്പത്രത്തെയും വാരികയെയും ന്യൂസ്പേപ്പർ എന്ന വാക്കിന്റെ പരിധിയിൽ കൊണ്ടുവരികയും അതേ സമയം മാസികയെ അതിൽനിന്നും വലിച്ച് പുറത്തിടുകയും ചെയ്തതുകൊണ്ട് എന്താണ് സർക്കാരിന് നേട്ടം? പ്രത്യേകിച്ച് നേട്ടമൊന്നുമില്ല. പക്ഷേ മാസികാനടത്തിപ്പുകാർക്ക് അത് വലിയ ആഘാതമാവുകയും ചെയ്തു. സർക്കാരിന് പ്രത്യേക നേട്ടമൊന്നുമില്ലാത്ത സാഹചര്യത്തിൽ നിലവിലെ നിയമത്തിൽ മാറ്റം വരുത്തേണ്ട കാര്യമെന്ത്?

**താത്കാലിക ആശ്വാസം**

ചില ദിവസങ്ങൾക്കുള്ളിൽ താത്കാലിക ആശ്വാസവാർത്തയുമായി മറ്റൊരു രജിസ്റ്റേഡ് ലെറ്റർ എത്തി. ഓരോ മൂന്നു കൊല്ലം കൂടുമ്പോഴാണ് രജിസ്ട്രേഷൻ പുതുക്കുന്നത്. ഇപ്പോഴുള്ള രജിസ്ട്രേഷൻകാലാവധി തീരുന്നതുവരെ പഴയപോലെ തുടരാം എന്നതാണ് ആശ്വാസവാർത്ത. നമ്മുടെ മാസികയുടെ രജിസ്ട്രേഷൻ ഈ വർഷം അവസാനം വരെയാണുള്ളത്. 2025 ഡിസംബർ വരെ നമ്മുടെ മാസിക ഇതുപോലെ തുടരാം. 2026 ജനുവരി മുതൽ മാസികയുടെ രണ്ട് രജിസ്ട്രേഷനുകൾ റദ്ദാവും. രജിസ്ട്രേഷൻ നഷ്ടപ്പെടുന്നത് നിമിത്തം ഓരോ മാസവും കൂടുതൽ രൂപയുടെ സ്റ്റാമ്പ് ഒട്ടിച്ച് മാസിക അയയ്ക്കേണ്ടി വരും. ദൈവജനം പ്രാർത്ഥിക്കുക. നിയമങ്ങൾ മാസികാനടത്തിപ്പിന് അനുകൂലമായി വരേണ്ടതിനായി പ്രാർത്ഥിക്കുക. നിയമങ്ങൾ ഉണ്ടാക്കുന്നവർക്കായി പ്രാർത്ഥിക്കുക. വിവേകത്തോടുകൂടിയും പൊതുജനത്തിന് ഗുണകരമാവുംവിധവും നിയമങ്ങൾ ഉണ്ടാക്കുവാൻ അവർക്ക് ഇടയാകട്ടെ.

**2026 മുതൽ**

ദൈവം അനുവദിച്ചാൽ നമ്മുടെ മാസിക 2026 ലും പ്രസിദ്ധീകരണം തുടരും. ദൈവം ആയുസ്സും ആരോഗ്യവും തരുന്നിടത്തോളം ഇതു തുടരണം എന്നു തന്നെയാണ് എന്റെ ആഗ്രഹം. ഈ മാസികയുടെ പിന്നിൽ അദ്ധ്വാനിക്കുന്നവരുടെ ജീവിതസാഹചര്യങ്ങൾ ഇതുപോലെത്തന്നെ തുടരുകയാണെങ്കിൽ മാസികയും ഇതുപോലെത്തന്നെ തുടരും.

**എംവിഎസ്**

# പ്രതികരണങ്ങൾ

**നിങ്ങളുടെ അഭിപ്രായങ്ങൾ sms ആയോ, email ആയോ WhatsApp ലൂടെയോ അറിയിക്കുക. WhatsApp ൽ വോയ്സ് മെസേജ് ആയും അറിയിക്കാം. പേരും അഡ്രസ്സും എഴുതാൻ മറക്കരുത്.**

**ഫോൺ: 95 44 557 557**

## Sebastian Neduveli, Pachalam, Kochi

എനിക്ക് ധാരാളം പ്രസിദ്ധീകരണങ്ങൾ ഇംഗ്ലീഷിലും മലയാളത്തിലുമായി വരുന്നുണ്ട്. അവയെല്ലാം റാപ്പർ പൊട്ടിക്കുകയും ഉള്ളടക്കം നോക്കിയതിനുശേഷം പിന്നീട് വായിക്കാനായി മാറ്റിവയ്ക്കും. പക്ഷേ റിയൽ ലൈഫ് വോയ്സിനോടുള്ള പ്രതികരണം വ്യത്യസ്തമാണ്. മാസിക കിട്ടിയാലുടൻ ആദ്യം മുതൽ അവസാനം വരെ ഒറ്റയിരുപ്പിൽ വായിച്ചുതീർക്കും. സഹോദരന്റെ മാസികയോട് എനിക്ക് അത്ര പെരുത്ത സ്നേഹമാണ്. തുടർന്ന്, ചില ലേഖനങ്ങൾ വായിക്കാനായി ഞാൻ ഇത് എന്റെ ഭാര്യയ്ക്ക് കൈമാറും. പിന്നീട് ഈ മാസിക 4 രൂപ സ്റ്റാമ്പ് ഒട്ടിച്ച കവറിലാക്കി എന്റെ ഏതെങ്കിലുമൊരു സുഹൃത്തിന് അയച്ചുകൊടുക്കും.

സഹോദരന് സംഭവിച്ച ബൈക്ക്അപകടത്തെക്കുറിച്ച് വായിച്ചപ്പോൾ ഞാൻ ഞെട്ടി. പക്ഷേ തന്റെ ഭക്തനെയും തന്റെ പ്രസിദ്ധീകരണത്തെയും മുടക്കം കൂടാതെ നിലനിർത്തിയ ദൈവം എത്രയോ കാരുണ്യവാനാണ്!

## E G Benny, Angamaly, Ernakulam

കുടുംബത്തെക്കുറിച്ച് മുമ്പ് റിയൽ ലൈഫ് വോയ്സിൽ പ്രസിദ്ധീകരിച്ചിരുന്നത് വളരെ ശക്തമായ ലേഖനങ്ങളായി അനുഭവപ്പെട്ടിരുന്നു. ബ്രദറിന്റെ എഴുത്തുകൾ എനിക്ക് വളരെ ഇഷ്ടമാണ്. വളരെ നന്നായി എഴുതുവാൻ തുടർന്നും ദൈവം കൃപ നൽകട്ടെ.

## Francis, Mayithara, Alappuzha

എനിക്ക് 85 വയസ്സുണ്ട്. മാസികയിലെ എല്ലാ കാര്യങ്ങളും എനിക്ക് വളരെ നല്ലതായി തോന്നി. മറ്റുള്ള മാസികകളെ അപേക്ഷിച്ച്, കുറച്ചുപേജുകളേ ഉള്ളൂവെങ്കിലും, ഉള്ളടക്കത്തിലെ കാര്യങ്ങളെല്ലാം നല്ലതാണ്. കുടുംബങ്ങൾക്ക് വളരെ പ്രയോജനപ്പെടുന്ന മാസികയാണിത്. എനിക്ക് മാസിക മുടങ്ങാതെ എല്ലാ മാസവും അയച്ചുതരണം. *പൗലോസ് കണ്ട കുടുംബശത്രു* എന്ന ലേഖനം വളരെ വളരെ നന്നായിരിക്കുന്നു.

## Jaimohan Athirunkal

ജനുവരിലക്കത്തിലെ, സുവി.ഐസക് പീച്ചിയുടെ ഭവനസന്ദർശനപാഠങ്ങൾ ശ്രദ്ധേയമാണ്. ഒന്നും വിട്ടുകളയേണ്ടതായില്ല. മാസികയിലെ മറ്റു ലേഖനങ്ങളും നല്ലതാണ്. ചിലത് മികച്ചതുമാണ്. ഇത്രയും വർഷം ഇത് തുടരാൻ കർത്താവ് സഹായിച്ചതിന് കർത്താവിന് സ്തോത്രം!

## A V Jose, Maruthancode, Thrissur

ഞാൻ ഏകദേശം 30 മാസികകൾ ശ്രദ്ധാപൂർവ്വം വായിക്കുന്നു. എനിക്ക് ഏറ്റവും ഇഷ്ടപ്പെട്ട മാസികകളിൽ മുൻപിലാണ് റിയൽ ലൈഫ് വോയ്സ്.

## Saji P V, Meenangadi, Waynad

റിയൽ ലൈഫ് വോയ്സ് കൃത്യമായി ലഭിക്കുന്നു. സമയം കണ്ടെത്തി വായിക്കുന്നു. ജനുവരിമാസത്തെ എഡിറ്റോറിയൽ (ആരോഗ്യത്തെ കോട്ട കെട്ടി കാക്കാൻ ശ്രമിച്ചവർ) ചിന്തനീയമാണ്. പരസ്യയോഗശുശ്രൂഷയ്ക്ക് പ്രയോജനമായി.

## M Ravindran, Kattilapoovam, Thrissur

ഇമ്മാനുവേലിന്റെ സംശയങ്ങൾ എന്ന പരമ്പരയിൽ സോസ്ത്രം, ശവുമേൽ എന്നീ തെറ്റായ ഉച്ചാരണങ്ങൾ പലരും പറയുന്നതായി കണ്ടു. അതു കൂടാതെ മറ്റു പലതും ഉണ്ട്. ചില ഉദാഹരണങ്ങൾ ഇതാ: സ്തുത്യൻ എന്നതിനു പകരം സുസ്ത്യൻ, മോശെ എന്നു പറയാതെ മോശ, പിശാച് എന്നതിന് പകരം പിശാശ്, സ്രഷ്ടാവ് എന്നതിന് പകരം സൃഷ്ടാവ്..

## Kunjachan Thomas, Kulathupuzha, Kollam

മാസിക കിട്ടി. ഒറ്റയിരുപ്പിൽ വായിച്ചുതീർത്തു. പാസ്റ്റർ ടിനുജോർജ്ജിനെക്കുറിച്ച് ഇത്ര പച്ചയായി എഴുതിയതിൽ അഭിനന്ദനം. കുട്ടിയും ടീച്ചറും എന്ന ലേഖനവും കേമമായിരിക്കുന്നു. ഇതൊക്കെ കണ്ടിട്ടെങ്കിലും ആളുകൾക്ക് ബോധമുദിച്ചിരുന്നുവെങ്കിൽ... ഇങ്ങനെയൊക്കെ എഴുതുവാൻ ധൈര്യം കാട്ടുന്ന താങ്കളെ ദൈവം തന്റെ വിശുദ്ധ ദൂതന്മാരാൽ കാവൽ ചെയ്യട്ടെ എന്നു പ്രാർത്ഥിക്കുന്നു. അശോകൻ അമ്പാടിയുടെ കവിത നന്നായിരുന്നു. ഓരോ പ്രാദേശികസഭയും പൊൻനിലവിളക്കുകളാണ് എന്ന് രേഖപ്പെടുത്തിയത് ഹൃദ്യമായി തോന്നി.

---

**റിയൽ ലൈഫ് വോയ്സിന്റെ വാട്സാപ് ഗ്രൂപ്പിൽ ചേരുക**
**മാസിക അതിൽ നേരത്തേ ലഭിക്കും**
**താത്പര്യമുള്ളവർ 9544 557 557 എന്ന വാട്സാപ്നമ്പറിലേക്ക് അക്കാര്യം അറിയിക്കുക**

# ആസ്യയിലെ ഏഴ് സഭകൾ

**12** **വെളിപ്പാട് 2,3 അദ്ധ്യായങ്ങളിൽ നിന്നുള്ള ചിന്തകൾ**

**എം. വി. സെബാസ്റ്റ്യൻ, തൃശ്ശൂർ**

*"...ആസ്യയിലെ ഏഴു സഭകൾക്കും എഴുതുന്നത്..." (വെളിപ്പാട് 1:4).*

*"...എഫെസൊസ്, സ്മുർന്ന, പെർഗ്ഗമൊസ്, തുയഥൈര, സർദ്ദിസ്, ഫില ദെൽഫ്യ, ലവൊദിക്യ എന്ന ഏഴു സഭകൾക്കും അയയ്ക്കുക" (വെളി.1:11)*

## സ്മുർന്നയിലെ സഭയ്ക്കുള്ള സന്ദേശം (വെളി. 2:8-11)

*നീ സഹിപ്പാനുള്ളത് പേടിക്കേണ്ട. നിങ്ങളെ പരീക്ഷിക്കേണ്ടതിന് പിശാച് നിങ്ങളിൽ ചിലരെ തടവിൽ ആക്കുവാൻ പോകുന്നു. പത്ത് ദിവസം നിങ്ങൾക്ക് ഉപദ്രവം ഉണ്ടാകും. മരണപര്യന്തം വിശ്വസ്തനായിരിക്ക. എന്നാൽ ഞാൻ ജീവകിരീടം നിനക്കു തരും (2:10)*

### സഹിപ്പാനുള്ളത് പേടിക്കേണ്ട

എന്താണ് സഹിക്കാൻ പോകുന്നത് എന്ന് വെളിപ്പെടുത്തുന്നതിനു മുമ്പ് "നീ പേടിക്കരുത്"എന്ന് കർത്താവ് പറയുന്നു. മുൻകൂട്ടി അങ്ങനെ പറഞ്ഞതിനുശേഷം മാത്രമാണ് സംഭവിക്കാനുള്ള കാര്യം പറയുന്നത്. സംഭവിക്കാൻ പോകുന്ന കാര്യം അത്രമാത്രം പ്രയാസമുള്ളതാണെന്ന് വ്യക്തം. ഏതെങ്കിലും അപകടവിവരമോ മരണവിവരമോ ആരെയെങ്കിലും അറിയിക്കുമ്പോൾ, പെട്ടെന്ന് അത് പറയാതെ, "വിഷമിക്കരുത്" എന്നോ മറ്റോ പറഞ്ഞ് ധൈര്യപ്പെടുത്തിയതിനുശേഷം മാത്രം ദുഃഖകരമായ കാര്യം വെളിപ്പെടുത്തുന്നത് പോലെയാണ് കർത്താവ് ഇവിടെ കാര്യം അവതരിപ്പിക്കുന്നത്.

നമ്മുടെ ജീവിതത്തിൽ എന്തെല്ലാം സഹിക്കാനുണ്ടെന്ന് കർത്താവിന് അറിയാം. ആ കഷ്ടപ്പാടിലൂടെ കടന്നുപോകുമ്പോഴായിരിക്കും നാം ഒരു പക്ഷേ അതറിയുന്നത്. എന്നാൽ അത് നേരത്തെ അറിയാവുന്ന കർത്താവ് നമ്മുടെ ഭാഗത്തുള്ളതുകൊണ്ട് ആ സാഹചര്യത്തെ അതിജീവിക്കാൻ അവിടുന്ന് നമ്മെ പ്രാപ്തനാക്കും. ഇയ്യോബിനെ പരീക്ഷിക്കാൻ ദൈവത്തിങ്കൽനിന്നും അനുവാദം ചോദിച്ചുവാങ്ങിയ പിശാച് ഇപ്പോഴിതാ സ്മുർന്നാ സഭയെ കഷ്ടത്തിലാഴ്ത്താനുള്ള അനുവാദം ചോദിച്ചുവാങ്ങിയിരിക്കുന്നു.

**പിശാച് ചിലരെ തടവിലാക്കാൻ പോകുന്നു**

കഷ്തയിലൂടെയും ദാരിദ്ര്യത്തിലൂടെയും ദൂഷണത്തിലൂടെയും കടന്നു പൊയ്ക്കൊണ്ടിരിക്കുന്ന ദൈവജനമാണ് സ്മുർന്നാസഭയിലുള്ളത് എന്ന് നാം നേരത്തെ കണ്ടതാണ് (വാക്യം 9). അങ്ങനെയുള്ള ദൈവമക്കളിൽ ചിലരെ ജയിലിൽ അടയ്ക്കുവാൻ പോകുന്നു. കഷ്ടതയുടെയും ദാരിദ്ര്യത്തിന്റെയും മദ്ധ്യേ ദൈവനാമം ഉയർത്തിപ്പിടിച്ചുകൊണ്ട് ജീവിക്കുന്ന ക്രിസ്ത്യാനികളിൽ ചിലരെ കള്ളക്കേസ്സിൽ ഉൾപ്പെടുത്തി ജയിലിൽ അടയ്ക്കുവാൻ ഭോഷ്കിന്റെ പിതാവായ പിശാച് ശ്രമിക്കും; അതിൽ അവൻ വിജയിക്കുകയും ചെയ്യും. പക്ഷേ ദൈവജനം പേടിക്കരുത്. ദൈവകൃപയിൽ ആശ്രയിക്കണം. ആ മോശം സാഹചര്യത്തെ അഭിമുഖീകരിക്കണം, അതിജീവിക്കണം.

ചിലരെ മാത്രമാണ് തടവിലാക്കാൻ പോകുന്നത്. അത് പിശാചിന്റെ പ്രത്യേക തന്ത്രമാണ്. ഒരു കൂട്ടത്തിലെ ചിലരെ മാത്രം തടവിലാക്കുക. ചിലരെ മാത്രം കൂടുതൽ കഷ്ടപ്പെടുത്തുക. അപ്പോൾ ആ കൂട്ടത്തിലെ മറ്റുള്ളവർ – താരതമ്യേന സുഖം അനുഭവിക്കുന്നവർ – കഷ്ടപ്പെടുന്നവരെ കുറ്റപ്പെടുത്താൻ ഇടവരും. ഇയ്യോബിന്റെ കാര്യത്തിൽ സംഭവിച്ചത് അതാണല്ലോ. ഇയ്യോബിന്റെ ഭാര്യയും കൂട്ടുകാരും ഇയ്യോബിനെ കുറ്റപ്പെടുത്തുകയും പരിഹസിക്കുകയും ചെയ്തു. നിങ്ങളുടെ സഭയിലോ കുടുംബത്തിലോ പിശാച് കൂടുതൽ കഷ്ടപ്പെടുത്തുന്നത് ഒരു പക്ഷേ നിങ്ങളെയായിരിക്കാം. മറ്റുള്ളവർ നിങ്ങളെ വിമർശിക്കാനോ നിന്ദിക്കാനോ അത് നിമിത്തം ഇടവന്നേക്കാം. അപ്പോൾ പേടിക്കുകയോ തളർന്നുപോവുകയോ ചെയ്യരുത്. മുന്നേറുക.

**പത്ത് ദിവസം മാത്രം ഉപദ്രവം**

പ്രത്യേകമായ കഷ്ടതയിലൂടെ കടന്നുപോകുമ്പോൾ തളർന്നുപോകാതിരിക്കാനായി, കഷ്ടതയുടെ ദൈർഘ്യം കർത്താവ് വെളിപ്പെടുത്തുന്നു. വെറും 10 ദിവസം മാത്രം! കൃത്യദിവസം വരെ കർത്താവിനറിയാം. പത്ത് എന്നത് ഒരിക്കലും 11 ആവുകയില്ല. പത്ത് ദിവസത്തെ കഷ്ടതയുടെ കാഠിന്യം വളരെ വലുതാണ്. ഓരോ ദിവസവും തീർന്നുകിട്ടാൻ ആഗ്രഹിച്ചുപോകുന്ന തരത്തിലുള്ള കഷ്ടതയാണ്. അത്രയും തീവ്രമായ ശോധനയിലൂടെ അവർ കടന്നുപോകേണ്ടതുള്ളതുകൊണ്ടാണ്, പത്ത് ദിവസം മാത്രമേയുള്ളൂ എന്ന് കർത്താവ് വെളിപ്പെടുത്തുന്നത്. നിശ്ചിത അവധി വച്ചുകൊണ്ടുള്ള കഷ്ടത മാത്രമേ ദൈവം നമുക്ക് തരുന്നുള്ളൂ എന്ന് നാം മനസ്സിലാക്കുക. പക്ഷേ സ്മുർന്നാസഭയോട് വെളിപ്പെടുത്തിയതുപോലെ, നമ്മോട് പലപ്പോഴും കർത്താവ് 'ഇത്ര ദിവസം' എന്നു വെളിപ്പെടുത്താറില്ല. എങ്കിലും നമ്മുടെ മുമ്പാകെയുള്ളത് അല്പകാലത്തേക്കുള്ള കഷ്ടം മാത്രം.

**മരണം വരെ വിശ്വസ്തനായിരിക്ക**

ഒരു ക്രിസ്ത്യാനി മരണത്തെ പേടിക്കരുത്. മരണത്തെ പേടിക്കുന്നവന് ക്രിസ്ത്യാനിയായിരിക്കാൻ കഴിയില്ല. ഉപദ്രവിക്കാൻ വരുന്നവർക്ക് പരമാവധി ചെയ്യാൻ കഴിയുന്ന കാര്യം കൊല്ലുക എന്നതാണ്. ഒരു വിശ്വാസിയുടെ ജീവിതം മരണത്തോടെ അവസാനിക്കാത്തതുകൊണ്ട്, ധീരതയോടെ മുന്നോട്ടു നീങ്ങാൻ ദൈവമക്കൾക്ക് കഴിയണം. സ്മുർന്നാസഭയിലെ ചിലർ രക്തസാക്ഷികളാകാൻ പോകുന്നു എന്ന സൂചനയാണ് കർത്താവ് ഇവിടെ കൊടുത്തിരിക്കുന്നത്. പത്ത് ദിവസം ചിലർ, ഓരോരുത്തരായി, ഘോരപീഡ സഹിച്ച്, ജീവൻ വെടിയാൻ പോകുന്നു. സ്മുർന്നയിലെ സഭയിലെ വിശ്വാസികളിൽ ബാക്കിയുള്ളവർ ഈ ദുരന്തമുഖത്ത് പകച്ചുപോകരുത്. എല്ലാവരും മരണം വരെ വിശ്വസ്തരായിരിക്കണം.

**ജീവകിരീടം തരും**

ജയിക്കുന്നവന് എല്ലായ്പോഴും പ്രതിഫലം കൊടുക്കുന്നവനാണ് ദൈവം. ജീവകിരീടം (crown of life) എന്നത് ആലങ്കാരികപ്രയോഗമായിരിക്കാം. ഈ ഭൂമിയിൽ ക്രിസ്തു നിമിത്തം മരണം വരിക്കേണ്ടിവന്നാലും നിത്യജീവനാണ് തുടർന്ന് ലഭിക്കാൻ പോകുന്നത് എന്ന് പറഞ്ഞ് കർത്താവ് ധൈര്യപ്പെടുത്തുകയാണ്. ജയിക്കുന്നവന് രണ്ടാംമരണത്താൽ ദോഷം വരികയില്ല എന്ന് അടുത്ത വാക്യത്തിൽ പറയുന്നുണ്ടല്ലോ.

*ആത്മാവ് സഭകളോട് പറയുന്നതെന്തെന്ന് ചെവിയുള്ളവൻ കേൾക്കട്ടെ.*
*ജയിക്കുന്നവന് രണ്ടാംമരണത്താൽ ദോഷം വരികയില്ല (2:11)*

**ജയിക്കുന്നവൻ**

ജയിക്കാനാണ് ദൈവം നമ്മെ തെരഞ്ഞെടുത്തത്. പ്രശ്നങ്ങളുടെയും ഉപദ്രവങ്ങളുടെയും മധ്യേ തോറ്റുപോയാൽ അവന്റെ വിശ്വാസം ശരിയായ വിശ്വാസം തന്നെയായിരുന്നുവോ എന്നു സംശയിക്കേണ്ടിവരും. ജയിക്കാനായ് ജനിച്ചവൻ എന്ന് ചിലരെക്കുറിച്ച് നാം പറയാറുണ്ട്. സ്ഥിരമായി പരീക്ഷകളിൽ നല്ല മാർക്ക് വാങ്ങുന്നവരെയും കലാകായികരംഗത്ത് സ്ഥിരമായി വിജയക്കൊടി പാറിക്കുന്നവരെയും ഉദ്ദേശിച്ചാണ് ഇങ്ങനെ പറയുന്നത്. പക്ഷേ ഒരാൾ വീണ്ടുംജനനം പ്രാപിക്കുമ്പോൾ, ആ വ്യക്തിയെക്കുറിച്ച് ഇങ്ങനെ പറയാം – ജയിക്കാനായി ജനിച്ചവൻ! തോല്പിക്കാൻ ശ്രമിക്കുന്ന പിശാചിന്റെയും അവന്റെ ഭൂതഗണങ്ങളുടെയും സകല തന്ത്രങ്ങളെയും ദൈവത്തിലാശ്രയിച്ച് തോൽപ്പിക്കുന്നവൻ! പ്രശ്നങ്ങളുടെ ഇടയിലൂടെയാണ് മിക്ക വിശ്വാസികളും കടന്നുപൊയ്ക്കൊണ്ടിരിക്കുന്നത്. ക്ഷീണിച്ചുമടുത്ത്, പിന്മാറിപ്പോകാൻ ആർക്കും ഇടയാവരുത്.

**(തുടരും)**

സുവിശേഷകനായ

# കെ. വി. ഐസക്, പീച്ചി (11)

**അഭിമുഖം**



*ഈ ഗേഹം വിട്ടുപോകിലും, എന്റെ ദൈവം മതിയായവൻ, എന്നേശു നാഥന്റെ വരവെന്നോ, യേശുവേ നീ കൂടവേ..* എന്നിങ്ങനെ 60-ലധികം ക്രിസ്തീയഗാനങ്ങളുടെ ശില്പി. ബ്രദറൺ സുവിശേഷകൻ. വേദാദ്ധ്യാപകൻ.

## 17. വഴിയിൽനിന്നും ആഹാരത്തിനു വക തന്ന ദൈവം!

1987-88 കാലഘട്ടത്തിൽ നടന്ന ചില കാര്യങ്ങൾ പറയാം. അന്ന് എന്റെ മക്കൾ ചെറിയ മക്കളാണ്. മൂത്തയാൾ എട്ടാം ക്ലാസ്സിൽ പഠിക്കുന്നു. സാമ്പത്തികമായി കഠിന ഞെരുക്കം അനുഭവിച്ചിരുന്ന കാലഘട്ടമായിരുന്നു അത്. തൃശ്ശൂർടൗണിൽ ഞങ്ങൾ കുരുമുളക് വിൽക്കുന്ന ഒരു കടയുണ്ട്. വല്ലാതെ ഞെരുക്കമുള്ളപ്പോൾ ആ കടയിൽ ചെന്ന് ഞാൻ അല്പനേരം ഇരുന്ന്, കടക്കാരനോട് വർത്തമാനമൊക്കെ പറഞ്ഞതിനുശേഷം, അല്പം പണമൊക്കെ അദ്ദേഹത്തിൽനിന്ന് വാങ്ങിച്ച് അവിടെനിന്നു പോരും.

ഒരു ദിവസം ഞാൻ ബാറ്റയുടെ അവിടെ ബസ് കാത്തും നിൽക്കുകയായിരുന്നു. പുറകോട്ട് തിരിഞ്ഞുനോക്കിയപ്പോൾ, കുറച്ചങ്ങോട്ട് മാറി ഒരു കടയുടെ മുമ്പിൽ വലിയൊരു പാദസരം കിടക്കുന്നത് കണ്ടു. ഞാനതെടുത്ത് ആ കടയിലെ ക്യാഷിയറിന്റെ കൈയിൽ കൊടുത്തിട്ട്, “ഇത് നിങ്ങളുടെ കടയുടെ മുന്നിൽനിന്ന് കിട്ടിയതാണ്. ഉടമസ്ഥൻ വരുമ്പോൾ കൊടുത്തോളൂ” എന്നു പറഞ്ഞു. മൂന്നുനാലാഴ്ച കഴിഞ്ഞ് ഞാനവിടെ ചെന്ന്, പാദസരത്തിന്റെ ഉടമസ്ഥൻ വന്നോ എന്ന് തിരക്കി. “ആര് വരാനാണ്, ആരും വന്നില്ല. ഇത് നിങ്ങൾ തന്നെ കൊണ്ടുപൊയ്ക്കോളൂ” എന്ന് പറഞ്ഞ്, ആ ക്യാഷിയർ അത് എനിക്ക് തന്നു.

അതിനു മുമ്പ് ഹൈറോഡിൽനിന്ന് എനിക്ക് ഒരു പാദസരം കിട്ടിയിരുന്നു. അത് ഞാൻ ട്രാഫിക്പോലീസുകാരനെ ഏൽപ്പിച്ചിരുന്നു. അതിന്റെ ഉടമസ്ഥനെ കിട്ടിയോ ഇല്ലയോ എന്നൊന്നും ഞാൻ ചോദിക്കാൻ പോയില്ല. ഇത്തവണ ഞാൻ പാദസരം പോലീസിൽ ഏല്പിക്കാൻ പോയില്ല. പകരം കടയിലെ ക്യാഷിയറെ ഏല്പിച്ചു. അദ്ദേഹം അത് എന്നോട് കൊണ്ടുപൊയ്ക്കോളാൻ പറഞ്ഞ് എനിക്ക് തന്നപ്പോൾ, എന്റെ കയ്യിൽ പൈസയില്ലാത്ത സമയമായിരുന്നു. ഞാനത് വെള്ളി വിൽക്കുന്ന ഒരു കടയിൽ വിറ്റു. 80 രൂപ

കിട്ടി. മനസ്സിന് അല്പം വിഷമം തോന്നി. എങ്കിലും ആ പണം ഉപയോഗിച്ച് വീട്ടിലേക്ക് സാധനങ്ങൾ വാങ്ങിക്കൊണ്ടുപോയി. മൂന്നാമതൊരിക്കൽ കൂടി എനിക്ക് പാദസരം ലഭിക്കുകയും അത് വിറ്റ് സാധനങ്ങൾ വാങ്ങിക്കുകയുമുണ്ടായി.

ഞാനൊരിക്കൽ പൂമല പോയി മടങ്ങിവരികയായിരുന്നു. അത്താണിയിൽ ഒരു ഇരുമ്പുകടയുണ്ട്. കടക്കാരൻ എന്റെ സ്നേഹിതനാണ്. അദ്ദേഹത്തോട് വർത്തമാനമൊക്കെ പറഞ്ഞ് ആ കടയിൽനിന്ന് ഇറങ്ങിയപ്പോൾ അമ്പതു രൂപയുടെ പുത്തൻ നോട്ട് ഒരെണ്ണം അവിടെ കിടക്കുന്നതു കണ്ടു. പൂമലയിൽനിന്ന് വരുമ്പോൾ എന്റെ അനുജൻ തന്ന അല്പം പൈസയേ എന്റെ പക്കലുണ്ടായിരുന്നുള്ളൂ. ഞാൻ ആ അമ്പത് രൂപ ആ കടക്കാരനെ ഏല്പിച്ചു. കുറച്ചുനാൾ കഴിഞ്ഞ് അദ്ദേഹം എന്നെ കണ്ടപ്പോൾ, "ആ അമ്പത് രൂപ അന്വേഷിച്ച് ആരും വന്നില്ല" എന്ന് പറഞ്ഞ് അത് എനിക്ക് തന്നു. അതിന് ഞാൻ അരി വാങ്ങിച്ചുകൊണ്ടുപോയി. ഇപ്രകാരമുള്ള വഴിനടത്തലുകൾ എന്റെ ജീവിതത്തിൽ ഉണ്ടായിട്ടുണ്ട്.

ഞാൻ ഇതിനെല്ലാം പകരം ചെയ്യുകയുണ്ടായി. ഞങ്ങളുടെ പ്രദേശത്ത് രണ്ടു കണ്ണും കാണാത്ത ഒരു കുടുംബം മഞ്ഞക്കുന്നിൽ താമസിച്ചിരുന്നു. വേനലായപ്പോൾ, ഞാൻ കുരുമുളക് പറിച്ചപ്പോൾ  കുരുമുളക് വിറ്റ് കിട്ടിയ കാശിൽനിന്നും ഒരിക്കൽ 70 രൂപയും മറ്റൊരിക്കൽ 90 രൂപയും ഞാൻ അവരുടെ വീട് മേയുന്നതിനുവേണ്ടി കൊടുത്തു. അമ്പതുരൂപ കണ്ണാറക്കയറ്റത്തുള്ള ഒരു നിർദ്ധനക്കുടുംബത്തിന് ഞാൻ കൊടുത്തു.

ഇങ്ങനെ എന്നെ അത്ഭുതകരമായി ദൈവം വഴിനടത്തിയിട്ടുണ്ട്. വഴിയിൽനിന്ന്  ആഹാരത്തിനുള്ള വക ദൈവം തന്നിട്ടുണ്ട്. ഇതിനേക്കാൾ രസകരമായ മറ്റൊരു സംഭവം പറയാം. ഇതേ നാളുകളിൽ ഞാൻ വഴക്കുംപാറയിൽ ഒരു വാടകസ്ഥലത്ത് ക്ലാസ്സെടുത്തുകൊണ്ടിരിക്കുന്നുണ്ടായിരുന്നു. ഒരു ദിവസം ഇളയ രണ്ട് മക്കളായിരുന്നു ക്ലാസ്സിന് എന്റെ കൂടെ വന്നത്. അങ്ങോട്ട് ഞങ്ങൾ ബസ്സിനു പോയി. രാത്രി പത്തരമണി കഴിഞ്ഞാണ് ഞങ്ങൾ മടങ്ങിയത്. ഞങ്ങൾ നടന്നുവരികയായിരുന്നു. അവിടെ പത്താംകല്ല് എന്ന സ്ഥലത്ത് ഒരു കലുങ്ക് ഉണ്ട്. അപ്പുറത്ത് ഒരു ഷാപ്പും ഉണ്ട്.

എന്റെ കൂടെയുണ്ടായിരുന്ന മകൾ ടോർച്ചിന്റെ വെളിച്ചത്തിൽ അല്പം ചില്ലറയും കുറച്ചു നോട്ടും കിടക്കുന്നത് കണ്ടു. ഏകദേശം 17 രൂപയുണ്ടായിരുന്നു. സത്യത്തിൽ ഞങ്ങളുടെ വീട്ടിൽ അന്ന് വൈകീട്ടത്തേക്കുള്ള ആഹാരമേ ഉണ്ടായിരുന്നുള്ളൂ. ഞങ്ങൾക്ക് റേഷൻ വാങ്ങാൻ 7 രൂപ മതി. ഞങ്ങൾ ആ പണമെടുത്ത് പിറ്റെ ദിവസം റേഷൻ  വാങ്ങുകയും വീട്ടുസാധനങ്ങൾ വാങ്ങുകയും ചെയ്തു. അതേ സ്ഥലത്ത് നിന്ന് രണ്ടു തവണ ഇതുപോലെ പൈസ ലഭിച്ചിട്ടുണ്ട്. ഏതോ കള്ളുകുടിയന്മാരുടേതാണ്.

എന്തിനാണ് ഇങ്ങനെ വഴിയിൽനിന്ന് ഞങ്ങൾക്ക് കിട്ടിയത്? വഴിയിൽനിന്നു എന്തെങ്കിലും ലഭിക്കും എന്ന ചിന്തയിൽ ഞങ്ങൾ വഴി നോക്കി നടന്നതല്ല. വാസ്തവത്തിൽ ആ അനുഭവം ഇന്നും ജീവിതത്തിൽ തുടരുന്നു. സുവിശേഷവേല വളരെ ആസ്വാദ്യകരമാകുന്നത് ഇങ്ങനെയാണ്. ഞാൻ എന്റെ മക്കളോട് പറയാറുണ്ട്: "ആ കലുങ്കിന്റെ അടുത്ത് നിന്ന് ലഭിച്ച പണം കള്ളുകുടിയന്റേതാണ്. കള്ളുകുടിയനെക്കൊണ്ടും ദൈവത്തിന് പ്രവർത്തിക്കാൻ കഴിയും. കാക്കയെക്കൊണ്ട് ഏലിയാവിനെ പുലർത്തിയ ദൈവത്തിന് കള്ളുകുടിയന്മാരെക്കൊണ്ടും നമ്മുടെ ആവശ്യങ്ങൾ നടത്താൻ കഴിയും."

ഈ അനുഭവങ്ങൾ ഞാൻ പങ്കിട്ടത് എന്റെ ദാരിദ്ര്യം വെളിപ്പെടുത്താനല്ല. ദാരിദ്ര്യത്തിന്റെ മദ്ധ്യത്തിൽ ദൈവത്തിന്റെ കരങ്ങൾ എങ്ങനെ നീട്ടുന്നു എന്നത് ഓർമ്മിപ്പിക്കാനാണ്. ഇത്തരം അനുഭവങ്ങൾ ഇന്നും ഉണ്ട്. അന്നന്നത്തെ ആവശ്യങ്ങൾക്ക് ദൈവത്തോട് ചോദിച്ചുവാങ്ങുകയാണ് ചെയ്യുന്നത്. ലോകത്തിന്റെ ധനത്തിന്റെ നീക്കിയിരിപ്പിനേക്കാൾ നല്ലത്, അന്നത്തെ ആവശ്യങ്ങൾക്ക് ദൈവത്തോട് ചോദിച്ചുവാങ്ങുന്ന അനുഭവമാണ്. ഇന്നലെ (14-01-2025) ഞാനും എന്റെ മക്കളും ഒരു മരണവീട്ടിൽ പോയി മടങ്ങിവരുമ്പോൾ, കൂടെയുണ്ടായിരുന്ന സഹോദരങ്ങളുമായി എന്റെ മൂത്ത മകൾ പങ്കുവച്ചത് ഇപ്രകാരമാണ്: "ഞങ്ങൾ ഇന്നും ജീവിക്കുന്നത് ദൈവം അന്നന്ന് തരുന്നതുകൊണ്ടാണ്. നീക്കിയിരിപ്പില്ലാത്ത ജീവിതമാണ് ഞങ്ങളുടേത്."

എന്തിനാണ് ഞാനിതെല്ലാം പങ്കുവയ്ക്കുന്നത്? ദാരിദ്യം കൊണ്ടല്ല, പിന്നെയോ സമൃദ്ധികൊണ്ടാണ് - ദൈവത്തിന്റെ കൃപയുടെ സമൃദ്ധി. ദൈവകൃപയുടെ സമൃദ്ധി അനുഭവിക്കുന്ന അനുഭവമാണ് ഞാൻ പങ്കുവയ്ക്കുന്നത്. സുവിശേഷവേലയിലും ജീവിതത്തിലുമെല്ലാം കർത്താവ് തരുന്നത് എങ്ങനെയെന്ന് നിങ്ങളും മനസ്സിലാക്കേണ്ടതിനു വേണ്ടിയാണ് ഇതെല്ലാം എഴുതുന്നത്. ഞങ്ങൾ അനുഭവിക്കുന്ന സമൃദ്ധി ദൈവത്തിന്റെ കൃപയാണ്. കർത്താവിനെ സ്നേഹിക്കുന്നവർക്ക് ഇത് പെട്ടെന്ന് മനസ്സിലാക്കാൻ കഴിയും. കഷ്ടങ്ങളോ ഞെരുക്കങ്ങളോ പ്രയാസങ്ങളോ നേരിടുമ്പോഴും കർത്താവിന്റെ വേലയിലായിരിക്കുന്നവർ ശക്തിപ്പെടുവാനുംകൂടിയാണ് ഇതെല്ലാം എഴുതുന്നത്.

എല്ലാവരുടെയും കാര്യമല്ല ഞാൻ പറയുന്നത്. കർത്താവിന്റെ മക്കളിൽ രാജാവുണ്ട്, പ്രവാചകനുണ്ട്, പുരോഹിതനുണ്ട്. രാജാവ് ദൈവത്തിന്റെ വകയാണ്. പ്രവാചകനും പുരോഹിതനും ദൈവത്തിന്റെ വകയാണ്. രാജാവിന്റെ ജീവിതരീതി വേറെ, പ്രവാചകന്റെ ജീവിതരീതി വേറെ, പുരോഹിതന്റെ രീതി വേറെ. ഒരു ദിവസം ഞാൻ നെല്ലിക്കുന്ന് പോയി വരുമ്പോൾ സാധാരണയായി ഞാൻ കയറാറുള്ള ഒരു വിശ്വാസിയുടെ വീട്ടിൽ കയറി. അവിടെ ഒരു സുവിശേഷകൻ ഇരിപ്പുണ്ടായിരുന്നു.

എന്റെ കൈയിൽ ഒരു രൂപപോലും ഇല്ലാത്ത ദിവസമായിരുന്നു അത്. ആ സുവിശേഷകൻ ഇപ്രകാരം പറഞ്ഞു: "എന്നെ ഒരു ദിവസം പോലും ദൈവം പട്ടിണി കിടത്തിയിട്ടില്ല. ദൈവം എന്നെ ദാരിദ്ര്യം കൂടാതെയും പട്ടിണി കൂടാതെയും നടത്തിക്കൊണ്ടിരിക്കുന്നു." ഇങ്ങനെ അദ്ദേഹം പറയുമ്പോൾ എന്റെ അനുഭവം മറ്റൊന്നായിരുന്നു. ഞാൻ അന്ന് ധാരാളം പട്ടിണിയും ദാരിദ്ര്യവും അനുഭവിക്കുന്ന ആളായിരുന്നു. ആ വീട്ടിലുള്ള ദൈവദാസൻ, അല്പം ശാരീരികബലഹീനയുള്ളവനെങ്കിലും ശക്തനായ വ്യക്തിയാണ്. അദ്ദേഹം അന്നേരം എന്റെ മുഖത്തേക്ക് നോക്കി.

പ്രാർത്ഥിച്ചതിനുശേഷം അവിടെനിന്ന് പോരുമ്പോൾ ഞാൻ മനസ്സിൽ വിചാരിച്ചു, അദ്ദേഹം എന്നേക്കാൾ നീതിമാനും സത്യസന്ധനും ആയിരിക്കും. എനിക്ക് കുറവുകൾ ഉള്ളതുകൊണ്ടായിരിക്കും ഞാനിങ്ങനെ ദാരിദ്ര്യവും പട്ടിണിയുമായി കഴിയേണ്ടിവരുന്നത്. അങ്ങനെ എന്റെ മനസ്സിൽ ഒരു താഴ്ചയുള്ള ചിന്ത അന്നുണ്ടായി. ഞാൻ വീട്ടിൽ വന്നപ്പോൾ ഉണ്ടായ കാര്യം വളരെ അത്ഭുതകരമായിരുന്നു. എന്റെ വീട്ടിൽ അന്ന് പകൽ രണ്ടു പേർ എന്നെ തിരക്കി വന്നിട്ടുണ്ടായിരുന്നു. സഹോദരന്മാരാണ്. അവർക്ക് എന്നെ കാണാൻ കഴിഞ്ഞില്ലെങ്കിലും എന്റെ വീട്ടിലെ ഒരാഴ്ചത്തെ ചെലവിനുള്ള പണം കൊടുത്തിട്ടാണ് അവർ പോയത്. അപ്പോൾ ഞാൻ വിചാരിച്ചു, ആ സുവിശേഷകനേക്കാളും ഞാൻ ധന്യനാണ്. കാരണം ദൈവം എന്റെ കാര്യം നടത്തുന്നുതായി എനിക്ക് അടുത്തറിയാൻ കഴിഞ്ഞു.

ദൈവം എങ്ങനെയാണ് ഒരു ദൈവപൈതലിനെ നടത്തുന്നത് എന്ന് കാണിക്കാനാണ് ഈ ജീവിതാനുഭവങ്ങൾ ഞാൻ പറയുന്നത്. ഞാൻ നേരത്തേ പറഞ്ഞതുപോലെ ദൈവമക്കളിൽ രാജാവുണ്ട്, പ്രവാചകനുണ്ട്, പുരോഹിതനുണ്ട്. പുരോഹിതന് യാഗം അർപ്പിക്കാൻ കൊണ്ടുവരുന്നതിൽനിന്ന് ഓഹരി ലഭിക്കും. പക്ഷേ പ്രവാചകന് ആരും ഒരു ഓഹരിയും കൊടുക്കില്ല. പ്രവാചകശിഷ്യന്മാരുടെ ഭാര്യമാരിൽ ഒരാൾ ദാരിദ്ര്യം കൊണ്ട് കരഞ്ഞ കാര്യം ബൈബിളിൽ രേഖപ്പെടുത്തിയിട്ടുണ്ടല്ലോ (2 രാജാക്കന്മാർ 4:1). പ്രവാചകഗണം വിശന്നിട്ട് പേച്ചുരപ്പായസം കുടിച്ച കാര്യവും അറിയാമല്ലോ (2 രാജാക്കന്മാർ 4:38–41).

രാജാവായി ജീവിക്കുന്നവരിലും ആത്മികന്മാരുണ്ട്. പ്രവാചകന്മാരും പുരോഹിതന്മാരും അപ്രകാരം തന്നെ. ഈ മൂന്നവസ്ഥയിലുള്ളവരും ദൈവത്തിന്റെ ദാസന്മാരാണ്. ദൈവം ഈ മൂന്നു കൂട്ടരിലും പ്രസാദിക്കുന്നുണ്ട്. സമ്പന്നരായി ജീവിക്കുന്നവർ ആത്മികരല്ലെന്നോ ഓഹരി ലഭിക്കുന്നവർ ആത്മികരല്ലെന്നോ അല്ല. എന്റെ ജീവിതാനുഭവവുമായി ബന്ധപ്പെട്ട കാര്യമാണ് ഞാൻ പറഞ്ഞത്. എനിക്ക് വായനക്കാരെ ഓർമ്മിപ്പിക്കാനുള്ള കാര്യം ഇതാണ്: നമ്മുടെ ദൈവം എല്ലാറ്റിനും മതിയായവൻ! **(തുടരും)**

# യോനാ
## (പുസ്തകപഠനം)

9

**-എംവിഎസ്-**

**യോനാ - ഒന്നാം അദ്ധ്യായം**

**പെരുങ്കാറ്റിന്റെ ചില പ്രത്യേകതകൾ**

യോനാ 1:4 ആണ് നാം കഴിഞ്ഞ ലക്കത്തിൽ ചിന്തിച്ചത്. അതേ വാക്യത്തെ അടിസ്ഥാനമാക്കി കുറച്ചുകൂടി കാര്യങ്ങൾ നമുക്ക് ചിന്തിക്കാം. ഈ വാക്യത്തിൽ കാണുന്ന പെരുങ്കാറ്റിന്റെ ചില പ്രത്യേകതകൾ നോക്കുക:

**(1) നിരവധി പേരെ പ്രാണഭയത്തിലാക്കിയ പെരുങ്കാറ്റ്**

പെരുങ്കാറ്റ് എപ്പോൾ വീശിയടിച്ചാലും നാം പ്രാണഭയത്തിലാകും. പക്ഷേ ഇവിടെത്തെ പെരുങ്കാറ്റ് ബുദ്ധിമുട്ടിച്ചത് കടലിൽ കപ്പലിൽ പോകുന്നവരെയാണ്. മറ്റ് സന്ദർഭങ്ങളിൽ ഉണ്ടാകുന്നതിനേക്കാൾ ഇരട്ടി പ്രാണഭയം ആ സാഹചര്യത്തിലുണ്ടാകും. ഏതെങ്കിലും തരത്തിൽ രക്ഷപ്പെടാനുള്ള ചെറിയ സാധ്യതപോലും ഇല്ലാത്ത അവസ്ഥയാണത്.

അക്ഷരാർത്ഥത്തിലുള്ള കൊടുങ്കാറ്റിനെ നാം അഭിമുഖീകരിക്കേണ്ടിവരാം. പ്രകൃതിയുടെ കോപം എന്നാണ് ചിലർ അതിനെ വിശേഷിപ്പിക്കുന്നത്. ദൈവത്തിന്റെ കോപം എന്നോ ദൈവത്തിന്റെ ശക്തിയുടെ പ്രകടനം എന്നോ അതിനെ മനസ്സിലാക്കാനാണ് ഒരു ഭക്തൻ ശ്രദ്ധിക്കേണ്ടത്. നാം പ്രാണഭയത്തിലകപ്പെട്ടാൽ ദൈവത്തോട് നിലവിളിക്കുന്നതാണ് നല്ലത്. കാരണം പ്രാണൻ സംബന്ധിച്ചുള്ള പരമാധികാരം അവിടുത്തേക്കുള്ളതാണല്ലോ. മികച്ച ഡോക്ടർമാർ വരെ ഇങ്ങനെ പറയുന്നത് കേട്ടിട്ടുണ്ട്: "ഒന്നും ഞങ്ങളുടെ കയ്യിലല്ല, എല്ലാം തീരുമാനിക്കുന്നത് മുകളിലുള്ള ആളാണ്." മനുഷ്യൻ, അവൻ എത്ര പ്രഗത്ഭനായാലും, അവന്റെ നിസ്സഹായാവസ്ഥയും ദൈവത്തിന്റെ സർവശക്തിയും ആണ് ഈ അഭിപ്രായത്തിൽ മുഴച്ചുനിൽക്കുന്നത്.

**(2) അനുസരണക്കേടിന്റെ ഫലമായി ഉണ്ടായ പെരുങ്കാറ്റ്**

യോനായുടെ അനുസരണക്കേടിന്റെ തിക്തഫലമായിരുന്നുവല്ലോ ഈ പെരുങ്കാറ്റ്. ദൈവമക്കളുടെ അനുസരണക്കേടിന്റെ ഫലമായി അവരുടെ ജീവിതത്തിൽ നിരവധി പെരുങ്കാറ്റുകൾ ഉണ്ടാകുന്നുണ്ട്. ദൈവത്തിങ്കലേക്ക് മട

ക്കിവരുത്തുവാൻ വേണ്ടി സംഭവിക്കുന്നതാണ് അതെല്ലാം. ദൈവത്തോടും ദൈവികപ്രമാണങ്ങളോടും അനുസരണം കാണിച്ചുകൊണ്ട് ആ പെരുങ്കാറ്റുകളെ ഒഴിവാക്കാൻ കഴിയും. മോശെയെ ദൈവം എതിരിട്ട് കൊല്ലാൻ നോക്കിയ സന്ദർഭം പുറപ്പാട് 4:24 ൽ കാണാം. മോശെയുടെ രണ്ടാമത്തെ കുഞ്ഞിനെ പരിച്ഛേദന കഴിപ്പിക്കാതിരുന്നത് നിമിത്തം വീശിയടിച്ച 'പെരുങ്കാറ്റ്' ആയിരുന്നു അത്. കുഞ്ഞിനെ  പരിച്ഛേദന കഴിപ്പിച്ചതോടുകൂടി ആ പെരുങ്കാറ്റ് അടങ്ങുകയും ചെയ്തു.

യൂദായെ ആത്മഹത്യയിലേക്ക് നയിച്ച 'പെരുങ്കാറ്റും' അനുസരണക്കേട് നിമിത്തം വീശിയത് തന്നെയായിരുന്നു. യൂദയ്ക്ക് കുറ്റബോധം ഉണ്ടായെങ്കിലും അത് യഥാർത്ഥ മാനസാന്തരത്തിലേക്കോ ദൈവത്തെ വിളിച്ചപേക്ഷിക്കുന്നതിലേക്കോ അവനെ എത്തിച്ചില്ല. അവന്റെ ജീവിതത്തിലെ പെരുങ്കാറ്റിനെ ദൈവം ഒതുക്കുവാൻ അവൻ അനുവദിച്ചുമില്ല. അവൻ ആത്മഹത്യ ചെയ്തുകൊണ്ട് ആ പെരുങ്കാറ്റിൽനിന്ന് 'രക്ഷപ്പെട്ടു'. അത്തരം രക്ഷപ്പെടലല്ല ദൈവം നമ്മെക്കുറിച്ച് ആഗ്രഹിക്കുന്നത്. യൂദായുടെ ആ രക്ഷപ്പെടൽ വാസ്തവത്തിൽ നശിച്ചുപോകലായിരുന്നു. കുത്തിവയ്പിന്റെ വേദനയിൽ നിന്ന് രക്ഷപ്പെടാനായി അപസ്മാരം അഭിനയിക്കുന്ന കുട്ടി എത്ര വലിയ ഭോഷത്തമാണോ കാണിക്കുന്നത്, അതാണ് യൂദായും കാണിച്ചത്.

അനുസരണക്കേടുനിമിത്തം ഉണ്ടാകുന്ന പെരുങ്കാറ്റുകളെ അനുസരണം കാണിച്ചുകൊണ്ട് തന്നെ നമുക്ക് ഇല്ലായ്മ ചെയ്യാൻ കഴിയും.

### (3) കപ്പലിനെ തകർക്കാൻ മതിയായ പെരുങ്കാറ്റ്

കപ്പൽ തകർന്നാൽ കപ്പലിൽ ഉള്ളവരുടെ കാര്യം കഷ്ടത്തിലാവും. കൊറോണ എന്ന പെരുങ്കാറ്റ് എത്ര കപ്പലുകളെയാണ് തകർത്തത്! എത്ര പേരുടെ ഉപജീവനമാർഗ്ഗമാണ് ഇല്ലാതാക്കിയത്! എത്ര ജീവിതങ്ങളാണ് നശിച്ചുപോയത്! ലോകമൊട്ടും വീശിയടിച്ച പെരുങ്കാറ്റായിരുന്നു അത്. ലോകമെമ്പാടുമുള്ള ദൈവജനത്തിന്റെ നിലവിളി മാനിച്ചുകൊണ്ടാകണം, നിശ്ചിത നാളുകളിൽ നാശം കൊയ്തതിനുശേഷം ദൈവം ആ പെരുങ്കാറ്റ് പിൻവലിച്ചു. ആ പെരുങ്കാറ്റിൽ നിരവധി വിശ്വാസികളുടെ ജീവനും പൊലിഞ്ഞുപോയിരുന്നുവല്ലോ.

"ചിലർ നല്ല മനസ്സാക്ഷി തള്ളിക്കളഞ്ഞിട്ട് അവരുടെ വിശ്വാസക്കപ്പൽ തകർന്നുപോയി" (1 തിമൊ.1:19). നല്ല മനസ്സാക്ഷി തള്ളിക്കളഞ്ഞതോടുകൂടി വീശിയടിച്ച ദൈവക്രോധമാകുന്ന കൊടുങ്കാറ്റിൽ അവർ മാനസാന്തരപ്പെടാതിരുന്നതുനിമിത്തം അവരുടെ വിശ്വാസക്കപ്പൽ തകർന്നുപോയി. അവർ പിന്മാറിപ്പോയി. ദൈവത്തിലുള്ള അവരുടെ വിശ്വാസവും ആശ്രയവും ഇല്ലാതായി. ഹാ! സങ്കടകരം തന്നെ!

### (4) യഹോവ അടിപ്പിച്ച പെരുങ്കാറ്റ്

എല്ലാ തീരുമാനങ്ങളും ആധികാരികമായി കൈക്കൊള്ളുന്നത് ദൈവമാണ്. യോനായുടെ പുസ്തകത്തിൽ കാണുന്ന പെരുങ്കാറ്റ് അടിപ്പിച്ചത് ദൈവമാണ്. സങ്കീർത്തനം 135:7ൽ നാം ഇങ്ങനെ വായിക്കുന്നു: "അവൻ ഭൂമിയുടെ അറ്റത്തുനിന്ന് നീരാവി പൊങ്ങുമാറാക്കുന്നു. അവൻ മഴക്കായി മിന്നലുകളെ ഉണ്ടാക്കുന്നു. തന്റെ ഭണ്ഡാരങ്ങളിൽനിന്ന് കാറ്റ് പുറപ്പെടുവിക്കുന്നു" തന്റെ ഭണ്ഡാരങ്ങളിൽ കാറ്റിനെ ശേഖരിച്ചുവയ്ക്കുവാൻ കെല്പുള്ള മഹാദൈവം! ആ ഭണ്ഡാരം തുറന്നാൽ...!

നമ്മുടെ ജീവിതം സ്വസ്ഥമായി മുന്നോട്ട് നീങ്ങിക്കൊണ്ടിരിക്കുമ്പോൾ, ഒരു പെരുങ്കാറ്റിനു യാതൊരു സാധ്യതയും ഇല്ലാതിരിക്കെ, പെട്ടെന്ന് കൊടുങ്കാറ്റിനെ വരുത്തുവാൻ ഈ ദൈവത്തിനു കഴിയും. 1 രാജാക്കന്മാർ 19:13 ൽ "ശക്തിയുള്ള ഒരു കൊടുങ്കാറ്റ്... പർവതങ്ങളെ കീറി, പാറകളെ തകർത്തു" എന്നു നാം വായിക്കുന്നു. കാറ്റിനെ തടയാൻ മനുഷ്യൻ വളർന്നിട്ടില്ല. കാറ്റിന്റെ മൂളിച്ചയും ഹുങ്കാരവും നിസ്സഹായനായി നോക്കിനിൽക്കാൻ മാത്രമേ അവനു കഴിയൂ. "കാറ്റ് ഇഷ്ടമുള്ളിടത്തേക്ക് ഊതുന്നു. അതിന്റെ ശബ്ദം നീ കേൾക്കുന്നു. എങ്കിലും അത് എവിടെനിന്നു വരുന്നു എന്നും എവിടേക്ക് പോകുന്നു എന്നും അറിയുന്നില്ല" (യോഹന്നാൻ 3:8).

കാറ്റിൻമേൽ അധികാരമുള്ള ഈ ദൈവത്തെ നാം ഭയപ്പെടണം. അനുസരിക്കണം. ഈ ദൈവത്തിൽ ആശ്രയിക്കണം. പെരുങ്കാറ്റിനെ വരുത്തുവാൻ മാത്രമല്ല, അതിനെ ക്ഷണനേരം കൊണ്ട് അപ്രത്യക്ഷമാക്കാനും നമ്മുടെ ദൈവത്തിനു കഴിയും.

(തുടരും)

**അനുയോജ്യമായ വിവാഹാലോചനകൾ ക്ഷണിക്കുന്നു**

വിശ്വസിച്ച് സ്നാനപ്പെട്ട, സ്വതന്ത്രസഭയിൽ കൂട്ടായ്മയിലായിരിക്കുന്ന യുവതിക്ക് അനുയോജ്യമായ യുവാക്കന്മാരുടെ രക്ഷിതാക്കളിൽനിന്നും വിവാഹാലോചനകൾ ക്ഷണിക്കുന്നു. Age: 25, Height:155cm

Education: BCom (Professional), ACCA, Pursuing higher study Posses UAE Golden Visa, Posses UAE Driving Licence. At present working in a prestigious company as Accounts Executive.

UAEയിലോ മറ്റു വിദേശരാജ്യങ്ങളിലോ ജോലിയുള്ളവർക്കും സുവിശേഷതാത്പര്യമുള്ളവർക്കും മുൻഗണന.

**Contact:** 8086 2990 35, 8590 455 043 (WhatsApp), 0469- 2665140

# കാന്തനായ് കാത്തിരിക്കാം

**സി. ഡി. ചെറിയാൻ, കോയിപ്രം**

*ഭക്തരിൻവിശ്വാസജീവിതംപോലിത്ര... എന്ന രീതി*

അന്ത്യകാഹളം ധ്വനിക്കുവാൻ കാലമായ്
കാതോർത്തു കാന്തനായ് കാത്തിരിക്കാം
കാലം കഴിയാറായ്, കാലം തികയാറായ്
കാതോർത്തുകാതോർത്തു കാന്തനായ് കാത്തിടാം

ആയിരം ആണ്ടവൻ വാണിടും ഭൂമിയിൽ
രാജാധിരാജാവായ് ശാലേംപുരെ
നീതിയോടെയവൻ ന്യായം നടത്തിടും
നീതിയിൻ രാജാവു ഭൂമിയിൽ വാണിടും

കാലങ്ങളേറെയായ് കാന്തനെ കാണുവാൻ
കാത്തിരിക്കുന്നവളാം കാന്തയെ
കണ്ണീർ തുടയ്ക്കുവാൻ കാന്തൻ വേഗം വരും
മാറോടണച്ചവൻ ആശ്വസിപ്പിച്ചിടും

നാളും നാഴികയും നാമറിയായ്കയാൽ
നാളുകൾ തോറും നാം ജാഗരിക്കാം
ദീപം തെളിച്ചിടാം എണ്ണയെടുത്തിടാം
ആലസ്യലേശവും നമ്മെയേശിടാതെ

രാജാധിരാജാവും കർത്താധികർത്താവും
സർവാധികാരിയും ആയ്‌വരും താൻ
ഭൂരാജാക്കന്മാരവൻ മുൻപിൽ വീണിടും
യേശുമാത്രം കർത്താവെന്നു ചൊല്ലീടും

കള്ളവും കൊള്ളയും ബാങ്കുകവർച്ചയും
എല്ലാ അധർമ്മവും നിന്നുപോകും
എള്ളോളമില്ല പൊളിവചനമെന്ന്
പ്രാചീനർ ചൊല്ലിയതും നിവൃത്തിയാകും

കാന്തൻ നമുക്കായി വീടൊരിക്കീടുവാൻ
കാലെക്കൂട്ടിപ്പോയിട്ടുള്ളതിനാൽ
കാത്തിരിപ്പിൻ പൂർണ്ണത വേഗം വന്നിടും
ആമേൻ കർത്താവെ നീ വേഗം വന്നീടണേ

# പിശാച്തമ്പ്രായുടെ യോഗം

ചെറുകഥ

**-എംവിഎസ്-**

ഭൂതഗണങ്ങൾ നേരത്തേത്തന്നെ റെഡിയായി ഇരിപ്പുണ്ട്. ഇന്ന് അവലോകനയോഗമുള്ളതാണ്. നാളിതുവരെ ചെയ്ത കാര്യങ്ങൾ ചുരുക്കമായി സാക്ഷ്യം പറയണം. അത് കേട്ട് പിശാച്തമ്പ്രാ അനുമോദിക്കും. "വെൽഡൺ ബോയ്സ്, കീപ്പിറ്റപ്" എന്നു പറയും.

അതു കേൾക്കുമ്പോൾ ലഭിക്കുന്ന ഉത്തേജനംകൊണ്ട് വേണം കൂടുതൽ മനുഷ്യന്മാരെ വഴി പിഴപ്പിക്കാൻ. മനുഷ്യപ്പരിഷയെ ദൈവത്തിനെതിരായി തിരിക്കാൻ ഒരു ബുദ്ധിമുട്ടുമില്ല. പക്ഷേ പുത്തൻമാർഗ്ഗത്തിലൂടെ അവരെ ഈസിയായി വീഴിക്കുന്നതിലാണ് ഒരു ത്രിൽ!

തങ്ങൾ നടത്തിയ പ്രവർത്തനങ്ങളുടെ ഫയൽ മറിച്ചുനോക്കിയും കുറിപ്പുകൾ തയ്യാറാക്കിയും ഭൂതഗണങ്ങൾ അവസാനമിനുക്കുപണി നടത്തുകയാണ്.

ഒരു ഭൂതത്താൻ വലിയ വായിൽ വിളിച്ചുകൂകി: "അത്യുന്നതനോട് സമനാകാൻ മത്സരിച്ച് തോറ്റുപോയെങ്കിലും അതിനുള്ള ചങ്കൂറ്റം കാണിച്ച, തന്റേടം കാണിച്ച, ധീരൻ, വീരൻ, ശൂരൻ നമ്മുടെ പിശാച്തമ്പ്രാ എഴുന്നള്ളുന്നേ..."

എല്ലാ ഭൂതഗണങ്ങളും ഭയഭക്തി ബഹുമാനത്തോടെ എഴുന്നേറ്റുനിന്നു. ഒരു തരം ഭീകരമായ നിശബ്ദത!

പിശാച് എല്ലാവരെയും നോക്കി ഹൃദ്യമായി ചിരിക്കുകയും കൈ ഉയർത്തി വീശിക്കാണിക്കുകയും ചെയ്തു.

"സുഖമല്ലേ ബോയ്സ്?" തന്ത്രിനാദത്തിനു തുല്യമായ ശബ്ദത്തിൽ പിശാചിന്റെ ഈ ചോദ്യം കേട്ടപ്പോൾ, അതിൽ പുളകിതരായി ഭൂതഗണങ്ങൾ ആർത്തു പറഞ്ഞു: "സുഖാണ് തമ്പ്രാ!"

"എന്നാ ഓരോരുത്തരായി വന്ന് ചുരുക്കമായി കാര്യങ്ങൾ പറഞ്ഞോളൂ. എനിക്ക് തിരക്കുണ്ട്. അമേരിക്കൻ പ്രസിഡണ്ട് ട്രംപിന്റെ ട്രാൻസ്ജെൻഡർ അവഗണനക്കെതിരെ ആഗോള പ്രതിഷേധം സംഘടിപ്പിക്കുന്നതിനു വേണ്ടി എനിക്ക് തന്ത്രങ്ങൾ മെനയാനുണ്ട്."

പിശാച് ഇങ്ങനെ പറഞ്ഞപ്പോൾ ആദ്യം മുന്നോട്ടുവന്നത് പർച്ചേസ്ഭൂതമാണ്. പർച്ചേസ്ഭൂതം പിശാചിനെ താണുവീണുവണങ്ങിയതിനുശേഷം തന്റെ ലീലാവിലാസങ്ങൾ പറഞ്ഞു തുടങ്ങി:

"തമ്പ്രാ, ആളുകളെക്കൊണ്ട് പല സാധനങ്ങളും വാങ്ങിപ്പിക്കുന്നതിൽ ഞാൻ വിജയിച്ചിട്ടുണ്ട്. സാധനങ്ങൾ ഓൺലൈനായും ഓഫ്ലൈനായും വാങ്ങിക്കൂട്ടുന്നതിൽ ഒരു ഹരം എല്ലാവർക്കുമുണ്ട്. കടമായിട്ടാണ് പലരും വാങ്ങുന്നത്. ആവശ്യമുള്ളതോ അത്യാ

വശ്യമുള്ളതോ ആയ സാധനങ്ങൾ എന്നൊന്നുമില്ല. പ്രത്യേകിച്ച് ഒരാവശ്യമില്ലെങ്കിലും സാധനങ്ങൾ കടമായി വാങ്ങിച്ചുകൂട്ടും. അങ്ങനെ കടത്തിൽ മുങ്ങി ജീവിക്കാൻ ആളുകൾക്ക് വല്യ താത്പര്യമാണ്."

ഇത്രയും പറഞ്ഞ് ഭൂതത്താൻ അഭിമാനത്തോടെ നെഞ്ച് മുന്നോട്ടു തള്ളി ഒറ്റ നിൽപ്പ്!

"വീഡിയോക്ലിപ്പുകൾ കാണിക്കൂ" പിശാച്തമ്പ്രാക്ക് ആവേശം.

നാലംഗകുടുംബം പരസ്പരം കെട്ടിപ്പിടിച്ച് പൊട്ടിക്കരഞ്ഞതിനു ശേഷം വിഷം കഴിച്ച് ആത്മഹത്യ ചെയ്യുന്നതിന്റെ വീഡിയോ ഭൂതത്താൻ കാണിച്ചപ്പോൾ, പിശാച് ചിരിച്ച് ചിരിച്ച് വശം കെട്ടു.

അടുത്ത വീഡിയോക്ലിപ്പ്... പലിശക്കാരൻ വല്യഅവറാൻ ഒരു വീട്ടിൽ ചെന്ന് അവിടത്തെ പെൺകുട്ടിയെ ഉപദ്രവിക്കുന്നു. വാങ്ങിച്ച കാശ് ഉടൻ തന്നില്ലെങ്കിൽ ഞാനിവളെക്കൊണ്ട് അത് മുതലാക്കും എന്ന് അയാൾ അലറുന്നുണ്ടായിരുന്നു. ആ പെൺകുട്ടിയുടെ അമ്മ വിടടാ അവളെ എന്നലറിക്കൊണ്ട് വെട്ടുകത്തിയുമായി ഓടിവരുന്നു. രണ്ടുപേരും തമ്മിൽ നടന്ന പിടിവലിയുടെ അവസാനം വല്യഅവറാൻ ആ വെട്ടുകത്തി ആ അമ്മയുടെ കയ്യിൽനിന്ന് ബലമായി വാങ്ങി അവളുടെ കഴുത്തിന് ഒറ്റ വെട്ട്! ചീറ്റിയൊഴുകിയ ചോര! രണ്ട് പിടച്ചിൽ! പിന്നെ അനക്കമില്ല. വല്യഅവറാൻ ഓടിരക്ഷപ്പെട്ടു. പെൺകുട്ടിയുടെ വാവിട്ടുള്ള കരച്ചിൽ അവിടെ മുഴങ്ങി.

വല്യഅവറാൻ നേരെ പോയി പ്ലാവിന്റെ കൊമ്പിൽ തൂങ്ങിമരിച്ചു. പെൺകുട്ടി വിഷമം കാരണം വിഷം കഴിച്ചും മരിച്ചു.

വീഡിയോ കണ്ട് പിശാച് പർച്ചേസ്ഭൂതത്തിനെ അഭിനന്ദിച്ചു. കെട്ടിപ്പിടിച്ചു. മറ്റു ഭൂതങ്ങൾ പർച്ചേസ്ഭൂതത്തെ ആദരവോടെ നോക്കി.

"നെക്സ്റ്റ്..."

അടുത്തതായി വന്നത് തീറ്റഭൂതം.

"തമ്പ്രാ, കുഞ്ഞുകുട്ടികൾ മുതൽ മുതുക്കന്മാർ വരെ തീറ്റപ്രാന്തന്മാരാണ് തമ്പ്രാ... വീഡിയോ നോക്കൂ" എന്നും പറഞ്ഞ് വീഡിയോ പ്ലേ ചെയ്യാൻ തുടങ്ങി.

ഒരു വലിയ പാത്രം നിറയെ ചോറ്. പിന്നെ പതിനഞ്ച് കോഴിക്കാല്, ഒരു ആട്ടിൻതല, 20 പുഴുങ്ങിയ താറാമുട്ട, വലിയ മീൻ വറുത്തത് 10 എണ്ണം... അതെല്ലാം ഒരു അമ്മച്ചി തിന്നുന്നതിന്റെ വീഡിയോ ആയിരുന്നു. ഓരോ ഐറ്റവും വായിലിട്ട്, മുഖത്ത് വേണ്ടുവോളം ഭാവം പ്രകടിപ്പിച്ചാണ് തിന്നുന്നത്. മാത്രമല്ല തിന്നുന്നതിന്റെ ആ 'ജബ്ജബ്' ശബ്ദം വ്യക്തമായി കേൾക്കാനും കഴിയുന്നുണ്ട്.

"നാട്ടിൽ തട്ടുകടയുടെ എണ്ണം വളരെ കൂടിയിട്ടുണ്ട് തമ്പ്രാ. രാത്രിയായാൽ മിക്കവരും വണ്ടിയുമെടുത്ത് കുടുംബമായി ഇറങ്ങുകയായി. ഷവർമ്മ, കുഴിമന്തി, അൽഫാം, ഷവായി എന്നിങ്ങനെ കുറെ സാധനങ്ങളുണ്ട്. ഷവർമ്മ കഴിച്ച് കുറെയാളുകൾ ചത്തു. എന്നിട്ടും കുറെ മന്ദബുദ്ധികൾ ഷവർമ്മയുടെ പിന്നാലെ ഓടുന്നു"

ഇത്രയും കേട്ടപ്പോൾ പിശാച്ത ന്ത്രാ കുലുങ്ങിച്ചിരിച്ചു. അപ്പോൾ ഭൂത ഗണങ്ങളും കുലുങ്ങിച്ചിരിച്ചു.

ഓരോ ഭൂതങ്ങളും ഓരോരുത്ത രായി വന്ന് റിപ്പോർട്ട് അവതരിപ്പിച്ചു. നഗ്നതയ്ക്ക് മുൻതൂക്കം കൊടുക്കുന്ന വസ്ത്രസങ്കല്പത്തിന്റെ വിശേഷ ങ്ങളും വീഡിയോകളും തുണിഭൂതം അവതരിപ്പിച്ചു.

മരണാസന്നനായ രോഗിയെ പ്പോലും ലക്ഷങ്ങൾ മുടക്കി ചികിത്സി ക്കാൻ ആളുകളെ പ്രേരിപ്പിക്കുന്ന തിൽ താൻ വിജയിച്ചതായി ചികിത്സാ ഭൂതം അവകാശപ്പെട്ടു.

സ്കൂൾ-കോളേജ് കുട്ടികളുടെ ഇടയിൽ പരസ്യമായ പ്രേമവും അതി നോടനുബന്ധിച്ചുള്ള കാമകേളികളും നല്ല രീതിയിൽ വർദ്ധിച്ചിട്ടുണ്ടെന്ന് പ്രേമഭൂതം അറിയിച്ചു.

കുടുംബംകലക്കിഭൂതം, സഭാഭിന്ന തഭൂതം, ഡ്രൈവിംഗ്ഭൂതം....

എല്ലാവരുടെയും അവതരണം കഴിഞ്ഞപ്പോൾ അദ്ധ്യക്ഷപ്രസംഗ ത്തിനായി പിശാച്തന്ത്രാ എഴുന്നേറ്റു.

"എത്രയും പ്രിയപ്പെട്ട ഭൂതഗണങ്ങ ളേ...." പിശാച്തന്ത്രായുടെ ഈ തുടക്കം കേട്ടപ്പോൾ ഭൂതങ്ങൾ ആർപ്പുവിളിച്ചു. "നിങ്ങളുടെ കഠിനാ ദ്ധ്വാനത്തെ ഞാൻ പ്രശംസിക്കുന്നു. ഇന്നത്തെ തലമുറയെ മൊബൈലി ന്റെയും ലഹരിയുടെയും പ്രേമത്തി ന്റെയും അടിമകളാക്കി മാറ്റിയതിൽ ഞാൻ നിങ്ങളെ അഭിനന്ദിക്കുന്നു."

ഭൂതഗണങ്ങൾ രോമാഞ്ചംകൊണ്ട് പൂത്തുലഞ്ഞ് നിന്നു.

തന്ത്രാ തുടർന്നു: "അപ്പനെയും അമ്മയെയും ബഹുമാനിക്ക എന്ന് ബൈബിളിൽ എഴുതിയതിനെ വലി ച്ചുകീറിക്കളഞ്ഞപോലെ ഇന്നത്തെ തലമുറ പെരുമാറുന്നു. ഗുരുവിനെ പ്പോലെയാകുന്നത് ശിഷ്യന് മതി എന്നു പറഞ്ഞ് അദ്ധ്യാപകരുടെ മഹത്വം ബൈബിളിൽ രേഖപ്പെടു ത്തിയെങ്കിലും അതിനെയും നമ്മുടെ വിദ്യാർത്ഥികൾ ലംഘിച്ചു."

"മാതാപിതാക്കളെയും അദ്ധ്യാപ കരെയും ബഹുമാനിക്കാത്ത ഈ തലമുറയെ നമുക്ക് കൈകാര്യം ചെ യ്ത് നമ്മുടെ ചൊൽപ്പടിയിൽ നിറു ത്താൻ വളരെ എളുപ്പമാണ്." ഇത് കേട്ടപ്പോൾ ഭൂതങ്ങൾ കയ്യടിച്ചു.

"പന്ത്രണ്ടുകാരൻ അപ്പനായെ ന്നും പന്ത്രണ്ടുകാരി അമ്മയായി എ ന്നുമുള്ള വാർത്തകൾക്കായി ഞാൻ നിങ്ങളെ വാരിപ്പുണർന്ന് അഭിനന്ദി ക്കുന്നു."

"രണ്ടു കുഞ്ഞിന്റെ അമ്മയായ 45 വയസ്സുകാരി പതിനഞ്ചുകാരന്റെ ഒപ്പം ഒളിച്ചോടി... 72 വയസ്സുള്ളയാൾ അഞ്ചുവയസ്സുകാരിയെ ഉപദ്രവിച്ചു... 80 ശതമാനം തീപ്പൊള്ളലേറ്റു ഐസി യുവിൽ കിടക്കുന്ന പതിനെട്ടുകാ രിയെ കുളിപ്പിക്കാൻ വന്നയാൾ ഉപ ദ്രവിച്ചു..."

ഇങ്ങനെ പറഞ്ഞ് പിശാച് ആർ ത്തട്ടഹസിച്ച് ചിരിച്ചുമറിഞ്ഞു. ഭൂത ഗണങ്ങൾ ആർത്തുവിളിച്ചു.

പോക്സോഭൂതം മുന്നിലേക്ക് വന്ന് പുലിക്കളിയിൽ പുലികൾ അര കുലുക്കി നൃത്തം ചെയ്യുന്നതുപോലെ നിന്നു കുണുങ്ങി.

''രാഷ്ട്രീയക്കാരൊക്കെ നാം തെളിക്കുന്ന വഴിയിലൂടെത്തന്നെയല്ലേ പോകുന്നത്? കോളെജിലെ രാഷ്ട്രീയമൊക്കെ നല്ല രീതിയിൽ പോകുന്നില്ലേ?"

"അതെ, തമ്പ്രാ. കുട്ടികളെ പേടിച്ചാണ് മിക്ക അദ്ധ്യാപകരും കഴിയുന്നത്."

"വെരി ഗുഡ്."

അപ്പോൾ ലെസ്ബിയൻഭൂതം വിളിച്ചുപറഞ്ഞു: ''തമ്പ്രാ എന്റെ പ്രവർത്തനം കേരളത്തിൽ വിജയിക്കില്ലാന്നാണ് ഞാൻ വിചാരിച്ചിരുന്നത്. പക്ഷേ എന്റെ കഠിനാദ്ധ്വാനം ഫലം കണ്ടുതുടങ്ങി."

''എങ്ങനെ? വിശദീകരിക്കൂ.. വേഗം വിശദീകരിക്കൂ.." പിശാചിന് ആകാംക്ഷയടക്കാൻ കഴിഞ്ഞില്ല.

ലെസ്ബിയൻഭൂതം പറഞ്ഞു: "22 വയസ്സുള്ള, ആലുവക്കാരി ആദിലാ നസ്രിൻ, 23 വയസ്സുള്ള, കോഴിക്കോട്ടുകാരി ഫാത്തിമാ നൂറാ എന്നിവർ കോടതിയിൽനിന്ന് അനുകൂലവിധി സമ്പാദിച്ച് ഒരുമിച്ച് ജീവിക്കുന്നു. ലെസ്ബിയൻ കപ്ൾ എന്ന് അവർ അഭിമാനത്തോടെ അവകാശപ്പെടുന്നു." എല്ലാവരും കയ്യടിച്ചു.

"അപ്പൊ, അവർക്ക് കുഞ്ഞുങ്ങളുണ്ടാകുമോ?" ഭൂതങ്ങളുടെ ഇടയിൽ ഐ.ക്യു. കുറഞ്ഞ ഒരു ഭൂതം ഇങ്ങനെ ചോദിച്ചപ്പോൾ എല്ലാവരും ആ ഭൂതത്തെ നോക്കി പല്ലിറുമ്മി:

കുടുംബങ്ങളെയും സഭകളെയും തകർത്തുതരിപ്പണമാക്കണമെന്ന ആഹ്വാനത്തോടെ യോഗം അവസാനിപ്പിച്ചു. ❍


## ക്രിസ്തീയ ആരാധന: വചനവെളിച്ചത്തിൽ

സി. ഡി. ചെറിയാൻ, കോയിപ്രം എഴുതിയ പുസ്തകം.

ജെ. സി. ദേവിന്റെ അവതാരിക. വില 60 രൂപ

പുസ്തകം വാങ്ങുന്നതിന് **80 86 29 90 35** എന്ന നമ്പറിൽ വിളിക്കുക


**കഴിഞ്ഞ മാസം അയച്ച മാസികകളിൽ മടങ്ങിവന്നവ**

| Address | Reason |
|---|---|
| E D Joseph, Ayarkunnam, Kottayam | Deceased |
| Job C A, Peringottukara, Thrissur | Not known |
| C J Easow, Thadiyoor | Not known |
| Varkey Mani, Elamakkara, Kochi | Left |

**അഡ്രസ് ലിസ്റ്റിൽനിന്ന് മുകളിൽപ്പറഞ്ഞ അഡ്രസ്സുകൾ നീക്കം ചെയ്തിട്ടുണ്ട്.**

# www.reallifevoice.in

## എം. വി. സെബാസ്റ്റ്യന്റെ കൃതികൾ

1. വിശ്വാസവും സ്നാനവും: ഒന്നാം നൂറ്റാണ്ടിൽ എങ്ങനെയായിരുന്നു?
2. മൂപ്പൻ
3. സഭ
4. പരിശുദ്ധാത്മാവ്
5. യോവേൽ (പുസ്തകപഠനം)
6. ഓബദ്യാവ് (പുസ്തകപഠനം)
7. മീഖാ (പുസ്തകപഠനം)
8. ഹബക്കൂക് (പുസ്തകപഠനം)
9. കുടുംബജീവിതം
10. മൂലഭാഷകളുടെ സൗന്ദര്യം
11. ചോദ്യവും ഉത്തരവും
12. തലമുറകൾ
13. മഹാകവി കെ. വി. സൈമൺ
14. തൃശ്ശൂരിലെ താരപ്പേട്ടൻ അഥവാ സി. വി. താരപ്പൻ
15. തിരുവട്ടാർ കൃഷ്ണൻകുട്ടി: പ്രസംഗപീഠത്തിലെ ബാലസിംഹം
16. സൺഡേസ്കൂൾ പാഠങ്ങൾ (ഭാഗം 1)
17. ഖുർആൻഃ ആത്മാർത്ഥതയില്ലാത്ത അവകാശവാദങ്ങൾ
18. ഇമ്മാനുവിന്റെ സംശയങ്ങൾ
19. ചിന്തകൾ പന്തങ്ങളാകുമ്പോൾ (എന്റെ ഡയറിക്കുറിപ്പുകൾ)
20. സത്യം തേടി...
21. പുതിയനിയമത്തിലൂടെ യാത്ര ചെയ്യുമ്പോൾ...
22. റോമർ 16-ാം അദ്ധ്യായത്തിലെ ദൈവമക്കൾ
23. Faith and Baptism:
    How Was It Taught and Practiced in the First Century?
24. The Search for Truth

**ഈ പുസ്തകങ്ങൾ ആവശ്യമുള്ളവർക്ക് വെബ്സൈറ്റിൽനിന്നു നേരിട്ട് അവ download ചെയ്യാവുന്നതാണ്. അല്ലെങ്കിൽ നിങ്ങളുടെ വാട്സാപ് നമ്പറിൽ ആവശ്യപ്പെടുക. അപ്പോൾ ആവശ്യമുള്ള പുസ്തകങ്ങളുടെ pdf ആ വാട്സാപ് നമ്പറിലേക്ക് ഞങ്ങൾ അയച്ചുതരുന്നതാണ്.**

REGISTERED
RNI No. KERMAL/2012/54719
Postal Reg. No. KL/TCR/51/2023-25
Licence No. KL/CR/TCR/WPP-01/2023-25
Licensed to Post Without Prepayment.

Published on
17th February 2025

Posted at
Thrissur RMS

**ആനുകാലികം**

## മേഘ ഹത്തരാവത്ത്

യുപിയിലെ പ്രയാഗ്‌രാജിൽ മഹാകുംഭമേളയ്ക്കിടെ തിക്കിലും തിരക്കിലും പെട്ട് 30 തീർത്ഥാടകർ മരിച്ചു. 2025 ജനുവരി 29നാണ് ഈ ദുരന്തം ഉണ്ടായത്. എന്നാൽ മേഘ ഹത്തരാവത്ത് എന്ന 24കാരിയായ യുവതി ഇത് സംബന്ധിച്ച് ആളുകൾക്ക് മുന്നറിയിപ്പ് കൊടുക്കുന്ന വീഡിയോ സമൂഹമാധ്യമങ്ങളിൽ പോസ്റ്റ് ചെയ്തിരുന്നു. ഫലമുണ്ടായില്ലെന്നു മാത്രം.

കുംഭമേളയിൽ പങ്കെടുക്കാൻ വന്നതാണ് മേഘ ഹത്തരാവത്ത് എന്ന യുവതിയും അമ്മയും. അവർ കർണ്ണാടകയിൽനിന്നുള്ളവരായിരുന്നു. കുംഭമേളയിലെ തിരക്ക് കണ്ടപ്പോൾ മേഘയ്ക്ക് അപകടസാധ്യത മനസ്സിലായി. അപകടസാധ്യത ചൂണ്ടിക്കാണിച്ചുകൊണ്ട്, ആളുകൾ മേളയിലേക്ക് വരരുതെന്ന് അഭ്യർത്ഥിക്കുന്ന വീഡിയോ അവൾ സോഷ്യൽമീഡിയായിൽ പോസ്റ്റ് ചെയ്യുകയും ചെയ്തു. വീഡിയോയിൽ മേഘ ഇപ്രകാരമാണ് പറയുന്നത്: "ഹായ്, ഞങ്ങൾ കുംഭമേളയിലാണ്. ഇവിടെ വലിയ തിരക്കാണ്. അതിനാൽ കഴിയുമെങ്കിൽ വരുന്നത് ഒഴിവാക്കുക. അഥവാ നിങ്ങൾ വന്നാൽ ദയവായി ശ്രദ്ധിക്കുക. പരസ്പരം കൈകോർത്ത് പിടിച്ചു നിൽക്കുക"

6 കോടിയോളം തീർത്ഥാടകരാണ് അന്ന് അവിടെ ഉണ്ടായിരുന്നതത്രേ! തിക്കും തിരക്കും മൂലം കാര്യങ്ങൾ നിയന്ത്രണാതീതമാവുകയും മുപ്പത് പേർ തിക്കിലും തിരക്കിലും പെട്ട് കൊല്ലപ്പെടുകയും ചെയ്തു. ആ മൂപ്പത് പേരിൽ മേഘ ഹത്തരാവത്തും അവളുടെ അമ്മയും ഉണ്ടായിരുന്നു!

Printed, published and owned by Sebastian M.V. Printed at Chirayath Printers, Mannuthy P.O., Thrissur, Kerala-680 651. Published at Real Life, Mamparampil House, Kottekad, Kuttur P.O., Thrissur - 680 013. **Editor:** Sebastian M.V